(എച്ച്) ബഡ്ജറ്റ് വർക്ക് നടത്തുവാൻ താല്പര്യം എടുത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടി ക്രമങ്ങൾ പൂർത്തിയായാലേ, പണികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ബഡ്ജറ്റിൽ ഇല്ലാത്ത വർക്ക് നടത്തുവാൻ പ്രത്യേക താൽപര്യം ഒന്നും കാണിച്ചിട്ടില്ല. ആവശ്യമെന്ന് ബോധ്യപ്പെട്ട ഒരു പണി ചീഫ് എൻജിനീയറുടെ എൽ. എസ്. ഫണ്ട് ഉപയോഗിച്ച് ആരംഭിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ.

കെ. പി. റോഡിലെ കേടുവന്ന കലുങ്ക് ഉപയുക്തമാക്കണമെന്ന ആവശ്യം

179(3056) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം പുനലൂർ റോഡിൽ പാർക്ക് ജംഗ്ഷന് തൊട്ട് കിഴക്കുവശം തെക്കേ സൈഡിൽ സ്ഥിതിചെയ്യുന്ന ഒരു കലുങ്ക് കേടു വന്ന് ഗതാഗത നിയന്ത്രണമുണ്ടായിട്ട് എത്ര ദിവസങ്ങളായിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേടുപാടുകൾ നീക്കി ഗതാഗതനിയന്ത്രണം ഒഴിവാക്കി കെ.പി. റോഡിലെ ഗതാഗതം സുഗമമാക്കാൻ മരാമത്ത് ഉദ്യോഗസ്ഥൻമാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) ഈ കലുങ്കിന്റെ കേടുവന്ന ഭാഗം അടിയന്തിരമായി ബലപ്പെടുത്താൻ നിർദ്ദേശം നൽകുമോ ;

(ഡി) ബലപ്പെടുത്തുമ്പോൾ കുറെക്കൂടി തെക്കോട്ട് കയറ്റി നിർമ്മാണം നടത്തി ബലിഷ്ഠമാക്കാൻ പ്രത്യേക നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 8-2-2000 മുതലാണ് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയത്.

(ബി) പ്രസ്തുത പണി സ്പെഷ്യൽ റിപ്പയേഴ്സിൽ ഉൾപ്പെടുത്തി ചെയ്യാൻ അനുമതി നല്കുകയും അതനുസരിച്ച് ലഭിച്ച കൊട്ടേഷൻ പരിശോധിച്ച് വരികയുമാണ്.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഉപഗ്രഹ നഗര പദ്ധതിക്കായി ചെലവാക്കിയ തുക

180 (3057) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തറ ഉപഗ്രഹ നഗരപദ്ധതിക്കായി ശമ്പളം ഇനത്തിലും മറ്റുമായി ഹൗസിംഗ് ബോർഡ് ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതി ഉൾപ്പെടുന്ന രജിസ്ട്രേഷൻ സെന്ററിൽ വീടിനും ഫ്ളാറ്റിനും വേണ്ടി എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly